Reg. No. : .....................................

Name : ..........................................

**SY-17**

**SECOND YEAR HIGHER SECONDARY EXAMINATION, MARCH 2022**

Part – III

Time : 2 $\frac{1}{2}$ Hours

Cool-off time : 15 Minutes

**മലയാളം**

**(ഐച്ഛികം)**

**MALAYALAM**

**(Optional)**

Maximum : 80 Scores

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**പാർട്ട് – I**

**എ. 1 മുതൽ 6 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.**

**(4 × 1 = 4)**

1. ഉപഗുപ്തനെന്ന ഭിക്ഷുവിന് കവി നൽകിയിട്ടുള്ള വിശേഷണം താഴെ കൊടുത്തിട്ടുള്ളവയിൽ നിന്ന് തിരഞ്ഞെടുത്തെഴുതുക.
   - കൊണ്ടൽനേർവർണ്ണൻ
   - മൃത്യുവശഗതൻ
   - ശുചിവ്രതൻ
   - കാകുൽസ്ഥൻ

2. സി.എൻ ശ്രീകണ്ഠൻ നായരുടെ നാടകം താഴെ കൊടുത്തിട്ടുള്ളവയിൽ നിന്ന് തിരഞ്ഞെടുത്തെഴുതുക.

- ദൈവത്താർ
- കാഞ്ചനസീത
- കറുത്ത ദൈവത്തെ തേടി
- അവനവൻ കടമ്പ

3. കോട്ടയത്തു തമ്പുരാന്റെ മുക്തകത്തിലെ ശ്രവ്യബിംബം ഏതാണെന്ന് കണ്ടെത്തി എഴുതുക.

- ഉദയഗിരി ചുവന്നു
- പനിമതി മറവായി
- ഭാനുബിംബം വിളങ്ങി
- ശംഖനാദം മുഴങ്ങി

4. വിഭീഷണ ഹിതോപദേശത്തിൽ, വിഭീഷണൻ രാവണ രാജധാനിയിൽ എത്തിച്ചേർന്നത് എന്തിനു വേണ്ടിയാണ് ?

5. നമുക്കു ലഭിച്ചിട്ടുള്ളതിൽ ഏറ്റവും പ്രാചീനമായ ഗദ്യകൃതി ഏതാണ് ?

6. ഉറുമ്പുകൾ മനുഷ്യരോട് പ്രഖ്യാപിക്കുന്ന ഒരുമയുടെ മന്ത്രമെന്ത് ?

**ബി. 7 മുതൽ 10 വരെ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.**

**(4 × 1= 4)**

7. താഴെ കൊടുത്തിട്ടുള്ളവയിൽ ധ്വനിക്കു ചേരുന്ന നിർവ്വചനമെന്ത് ?

- കവിതയുടെ ആത്മാവാണ് ധ്വനി
- വക്രോക്തിയാണ് ധ്വനി
- ശബ്ദാർത്ഥ സമ്മേളനമാണ് ധ്വനി
- രമണീയമായ അർത്ഥത്തെ പ്രതിപാദിക്കുന്നതാണ് ധ്വനി

8. പരസ്യങ്ങളെ കുറിച്ചുള്ള ശരിയായ വസ്തുത തിരഞ്ഞെടുത്തെഴുതുക.

- അച്ചടി മാധ്യമങ്ങളെ ആശ്രയിക്കുന്നില്ല
- ആവശ്യങ്ങൾ സൃഷ്ടിക്കുന്നു.
- ഫലിതവുമായി ബന്ധമില്ല
- ആശയസംവേദന രീതി ഋജുവാണ്.

9. 'വെബ്സൈറ്റ് ' എന്ന കഥയിലെ നായിക ഒരു സ്വപ്നമെന്നതു പോലെ ഇഷ്ടപ്പെടുന്ന വാക്ക് കണ്ടെത്തി എഴുതുക.

- വായന
- സംഗീതം
- ഇന്റർനെറ്റ്
- ശുദ്ധസൗഹൃദം

10. മാർത്താണ്ഡദേവന്റെ സമാഗമത്തിൽ ഓടിയൊളിക്കുന്നത് ആരാണ് ?

- വികിരണങ്ങൾ
- കവീശ്വരന്മാർ
- കൂരിരുൾ
- താരകങ്ങൾ

## പാർട്ട് – II

**എ. 11 മുതൽ 15 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.** **(3 × 2 = 6)**

11. പള്ളിയറപ്പാടത്തിന് കുങ്കന്റെ ജീവിതവുമായുള്ള ബന്ധമെന്താണെന്ന് വ്യക്തമാക്കി കുറിപ്പ് തയ്യാറാക്കുക.

12. ഉപഗുപ്തനെ പോലുള്ള സന്ന്യാസിവര്യന്മാർ തപസ്സിൽ മുഴുകാതെ മടങ്ങി വരണമെന്ന് കവി ആഗ്രഹിക്കുന്നത് എന്തുകൊണ്ട് ?

13. മലയാള നാടകത്തെ കുറിച്ച് സി.ജെ തോമസ് അഭിപ്രായപ്പെടുന്നത് എന്താണ് ?

14. "പരമാപ്പുതുതിങ്കൾ താനിതാ എരിതിയ്യായിതു കാലവൈഭവാൽ" – മകൻ ദുർജ്ജയനെ കണ്ടപ്പോൾ ദുര്യോധനൻ ഇങ്ങനെ വിലപിക്കാൻ കാരണമെന്ത് ?

15. 'ഹോർത്തൂസ് മലബാറിക്കൂസ് എന്ന ഗ്രന്ഥത്തിന് മലയാള ഗദ്യപരിണാമത്തിലുള്ള പ്രാധാന്യം വ്യക്തമാക്കുക.'

**ബി. 16 മുതൽ 18 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. (2 × 2 = 4)**

16. വിഭാതവിഭൂതി എന്ന കവിതയിൽ പക്ഷികളുടെ പാട്ടിനിടയിൽ കേൾക്കുന്ന കാക്കകളുടെ ശബ്ദത്തെ കവയിത്രി ആരുടെ ശബ്ദത്തോടാണ് സാദൃശ്യപ്പെടുത്തുന്നത് ?

17. വാച്യ-ധ്വനി-ഭാവ പ്രതീതികൾക്കു തമ്മിലുള്ള അന്തരത്തെ കുറിച്ച് കുട്ടികൃഷ്ണമാരാർ പറയുന്നതെന്താണ് ?

18. പ്രഥമസായാഹ്നം എന്ന പാഠഭാഗത്തിൽ സാറ എന്ന കഥാപാത്രം കഥാന്ത്യത്തിൽ കുരിശു വരയ്ക്കുന്നതിനെ കുറിച്ച് സിറിയക് ആന്റണിയുടെ ചിന്തകൾ എന്തെല്ലാം ?

## പാർട്ട് – III

**എ. 19 മുതൽ 23 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (3 × 4 = 12)**

19. രാമപുരത്ത് വാര്യരുടെ വീടിനും ഭാഗവതത്തിനും തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുക.

20. "വമ്പനോടേറ്റാൽ വരും ഫലമേവനും"– കവിവാക്യത്തിന്റെ അർത്ഥതലം വ്യക്തമാക്കുക.

21. “ശവത്തിൽ കുത്തുന്നത് മനുഷ്യരുടെ സ്വഭാവമാണ്” – ഉറുമ്പുകൾ ഇങ്ങനെ പറയാനിടയായ സന്ദർഭം വ്യക്തമാക്കുക.

22. “മധുരിക്കും ഓർമ്മകൾ” എന്ന നാടകഗാനത്തിൽ കവി അയവിറക്കുന്ന ബാല്യകാല സ്മരണകൾ ഇന്നത്തെ തലമുറക്ക് അന്യമാണോ ? സ്വാഭിപ്രായം വ്യക്തമാക്കി കുറിപ്പ് തയ്യാറാക്കുക.

23. ‘‘ജന്തുവിന്നുൽ ക്രമണത്തിൽ മോദിക്കാഹൃദയാലുക്കൾ’’

– ഉപഗുപ്തനെന്ന ഭിക്ഷുവിനെ സംബന്ധിച്ച് പ്രസ്തുത കവിവാക്യത്തിന്റെ ഭാവതലം വ്യക്തമാക്കുക.

**ബി. 24 മുതൽ 25 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (1 × 4 = 4)**

24. പരസ്യങ്ങൾ ഇന്റർനെറ്റിലേക്ക് കുടിയേറി തുടങ്ങുമ്പോൾ സംഭവിക്കുന്ന മാറ്റങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കി കുറിപ്പ് തയ്യാറാക്കുക.

25. “ഒരപ്പൂക്കിളിയായാണ് ഞാൻ എന്റെ കലാലയ ജീവിതത്തിലൂടെ കടന്നു പോയത് ” എന്ന് ഒ.വി. വിജയൻ പറയാൻ കാരണമെന്തെന്ന് വ്യക്തമാക്കുക.

## പാർട്ട് – IV

**എ. 26 മുതൽ 29 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (3 × 6 = 18)**

26. ‘‘ശത്രുക്കളല്ല ശത്രുക്കളാകുന്നതു
മിത്രഭാവത്തോടരികേ മരുവിന
ശത്രുക്കൾ ശത്രുക്കളാകുന്നതേവനും
മൃത്യു വരുത്തുമവരെന്നു നിർണ്ണയം’’

– രാവണൻ വിഭീഷണനോട് പറയുന്ന പ്രസ്തുത വാക്കുകളുടെ സാമൂഹിക പ്രസക്തി പരിശോധിക്കുക.

27. കട്ടുറുമ്പുകളും ചോണനുറുമ്പുകളും ഒരുമിച്ച് ശത്രുക്കളെ കീഴ്പ്പെട്ടുത്തിയതെങ്ങനെ ? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

28. 'കാട് വിളിക്കുന്നു' എന്ന പാഠഭാഗത്തിൽ കാട്ടിലേക്കു പ്രവേശിച്ച കുങ്കന് സ്വന്തം വീട്ടിലേക്ക് മടങ്ങിയെത്തിയ തോന്നലാണോ ഉണ്ടാകുന്നത് ? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

29. നാടകാവതരണത്തിന് സഹായകമാകേണ്ട നാട്യ പ്രകാരത്തെ കുറിച്ച് (തിയേറ്റർ പ്രാക്ടീസ്) സി.എൻ. ശ്രീകണ്ഠൻ നായരുടെ അഭിപ്രായമെന്തെന്ന് വ്യക്തമാക്കി കുറിപ്പ് തയ്യാറാക്കുക.

**ബി. 30 മുതൽ 32 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** **(2 × 6 = 12)**

30. സ്വാർത്ഥനും ക്രൂരനുമായ ഇർവാദീസിനെ പോലെയാണോ സാറ എന്ന കഥാപാത്രം ? സാറ എന്ന കഥാപാത്രത്തെ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

31. വെബ്സൈറ്റിന്റെ വലക്കുള്ളിൽ നിന്നും മോചനം നേടാൻ സ്മിത എന്ന പെൺ കുട്ടിക്കു കഴിയുമോ എന്ന് കഥ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

32. കാവ്യഭാഷയെ കുറിച്ചുള്ള വേഡ്സ്വർത്തിന്റെയും കോളറിഡ്ജിന്റെയും വ്യത്യസ്താഭിപ്രായങ്ങൾ വിശദമാക്കി കുറിപ്പ് തയ്യാറാക്കുക.

## പാർട്ട് – V

**എ. 33 മുതൽ 35 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.** **(2 × 8 = 16)**

33. മലയാള ഗദ്യം ആരംഭിച്ചതു മുതൽ പതിനെട്ടാം നൂറ്റാണ്ടുവരെയുള്ള ഗദ്യത്തിന്റെ വളർച്ചയെ 'മലയാള ഗദ്യപരിണാമം' എന്ന പാഠഭാഗത്തിൽ ലേഖകൻ അടയാളപ്പെടുത്തുന്നതെങ്ങനെയെന്ന് പരിശോധിച്ച് ഉപന്യാസം തയ്യാറാക്കുക.

34. പഴഞ്ചൻ വിശ്വാസങ്ങളും ആചാരങ്ങളും നിലനിന്നു പോന്നിരുന്ന പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളീയ സമൂഹത്തിന് ഉണ്ടാകുന്ന മാറ്റങ്ങൾ 'കാലം മാറുന്നു' എന്ന പാഠഭാഗത്തിൽ പ്രതിഫലിക്കുന്നതെങ്ങനെയെന്ന് വിശകലനം ചെയ്യുക.

35. ഊരുഭംഗം നാടകത്തിൽ പുത്ര ദുഃഖത്തിന്റെ നീറ്റൽ അനുഭവിക്കുന്ന രണ്ടു കഥാപാത്രങ്ങളാണ് ധൃതരാഷ്ട്രരും ദുര്യോധനനും. തീക്ഷ്ണവും എന്നാൽ വ്യത്യസ്തവുമായ അവരുടെ പുത്ര ദുഃഖത്തെ ഭാസൻ അവതരിപ്പിക്കുന്നതെങ്ങനെ ? ഉപന്യസിക്കുക.